**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3298** **11-03-2025 - ൽ മറുപടിയ്ക്ക്**

**തൊഴിൽ വകുപ്പിലെ പദ്ധതികൾക്കുള്ള വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിന്റെ 50% വരെ വെട്ടിക്കുറവ് വരുത്താനുള്ള സർക്കാർ തീരുമാനത്തെ തുടർന്ന് തൊഴിൽ വകുപ്പിലെ പദ്ധതികൾ മുൻഗണന അടിസ്ഥാനത്തിൽ പുനർ ക്രമീകരിച്ചത് പ്രകാരം ചെലവഴിക്കേണ്ട പദ്ധതി വിഹിതം എത്രയാണ്; നാളിതുവരെ എത്ര ചെലവഴിച്ചു; ഇത് ബജറ്റിൽ വകുപ്പിനായി വകയിരുത്തിയ ആകെ പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനമാണ്; വ്യക്തമാക്കുമോ? | (എ) | 2024-25 സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ തൊഴിൽ വകുപ്പിന് പദ്ധതി ഇനത്തിൽ 248.65 കോടി രൂപ വകയിരുത്തിയതിൽ, പദ്ധതികളുടെ വിഹിതം മുൻഗണന അടിസ്ഥാനത്തിൽ ക്രമീകരിച്ച്, മൊത്തം പദ്ധതി വിഹിതം 169.32 കോടി രൂപയായി (റൂൾ 300-ൽ ഉൾപ്പെടുന്ന ഇൻകം സപ്പോർട്ട് സ്കീം ഒഴികെയുള്ള) പുനക്രമീകരിച്ചിട്ടുണ്ട്. ആയതിൽ നിന്നും നാളിതുവരെയായി 125.35 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. ബഡ്ജറ്റിൽ വകുപ്പിനായി വകയിരുത്തിയ ആകെ പദ്ധതി വിഹിതത്തിന്റെ 50.4 ശതമാനം വിനിയോഗിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ